"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ക്ലീൻ കേരള കമ്പനി - ജീവനക്കാര്യം - അസിസ്റ്റന്റ് മാനേജർ തസ്തികയുടെ അടിസ്ഥാന യോഗ്യതയും പ്രവൃത്തി പരിചയവും കരാർ കാലാവധിയും മാറ്റം വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.29/2022/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/01/2022

പരാമർശം:- 1. സ.ഉ.(കൈ) നം. 122/2019/തസ്വഭവ തീയതി 03.10.2019.

2. ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടറുടെ 27/03/2021ലെ A30/CKCL/2021 നമ്പർ കത്ത്.

ഉത്തരവ്

ക്ലീൻ കേരള കമ്പനിയെ ശക്തിപ്പെടുത്തി സംസ്ഥാനത്തെ അജൈവ മാലിന്യ സംസ്കരണം കൂടുതൽ ഫലപ്രദമാക്കുന്നതിനായി പരാമർശം (1) പ്രകാരം കരാറടിസ്ഥാനത്തിൽ 25 താൽക്കാലിക തസ്തികകൾ സൃഷ്ടിച്ചിരുന്നു. കുറഞ്ഞ കരാർ കാലാവധി (ഒരു വർഷം), കുറഞ്ഞ വേതന നിരക്ക് എന്നിവ ഈ തസ്തിക പൊതുവേ അനാകർഷകമാക്കിയിരിക്കുന്നതായും അതുകൊണ്ട് തന്നെ ഉയർന്ന യോഗ്യത ഉണ്ടെങ്കിലും കാര്യക്ഷമതയുള്ള ഉദ്യോഗാർത്ഥികൾ ഈ തസ്തികയിലേക്ക് കടന്നു വരുന്നില്ലെന്നും അതിനാൽ അസിസ്റ്റന്റ് മാനേജരുടെ തസ്തികയുടെ അക്കാദമിക് യോഗ്യതയും തൊഴിൽ പരിചയവും കരാർ കാലാവധിക്കും മാറ്റം വരുത്തി ഉത്തരവാകണമെന്ന് പരാമർശം (2) പ്രകാരം ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ക്ലീൻ കേരള കമ്പനി ലിമിറ്റഡ് -ലെ അസിസ്റ്റന്റ് മാനേജർ തസ്തികയുടെ അടിസ്ഥാനയോഗ്യതയും പ്രവൃത്തി പരിചയവും ചുവടെ പറയുന്ന പ്രകാരം മാറ്റം വരുത്തി ഉത്തരവാകുന്നു.

1. അസിസ്റ്റന്റ് മാനേജരുടെ അടിസ്ഥാന യോഗ്യത ഏതെങ്കിലും ഒരു വിഷയത്തിൽ ലഭിച്ച ബിരുദം (എൻജിനീയറിങ് ഉൾപ്പെടെ) ആയിരിക്കും. എൻജിനീയറിങ് ബിരുദം, എം.ബി.എ., എം.എസ്.ഡബ്ല്യു, എം.ടെക് തുടങ്ങിയ അധിക യോഗ്യതകൾ നേടിയവർക്ക് അഭിമുഖത്തിന് 05 മാർക്ക് പ്രത്യേകമായി അനുവദിക്കാവുന്നതാണ്. ബിരുദധാരികൾക്ക് അഞ്ചുവർഷവും, ബിരുദാനന്തരബിരുദം ഉള്ളവർക്ക് മൂന്നുവർഷവും തൊഴിൽ പരിചയം ഉണ്ടാകണം. മാലിന്യ സംസ്കരണ മേഖലയിലും, ശുചിത്വമിഷൻ, ഹരിത കേരളം മിഷൻ, കുടുംബശ്രീ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ് എന്നിവിടങ്ങളിൽ പ്രവർത്തിച്ചിട്ടുള്ളവർക്ക് രണ്ടു വർഷത്തെ പ്രവൃത്തി പരിചയവും മതിയാകുന്നതാണ്.

2. നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം കരാർ കാലാവധി ആദ്യ ഒരു വർഷമായി നിജപ്പെടുത്തുന്നു. ആവശ്യകത പ്രകാരം വകുപ്പ് മേധാവിക്ക് ഒരു വർഷം കൂടി കരാർ കാലാവധി നീട്ടി നൽകാവുന്നതാണ്. 2 വർഷത്തിലധികമുള്ള തുടർച്ചാനുമതിക്ക് സർക്കാരിന്റെ അംഗീകാരം തേടേണ്ടതാണ്. നിലവിലുള്ള സർക്കാർ ഉത്തരവുകൾ പിൻതുടരേണ്ടതും കാര്യക്ഷമതയുടെ അടിസ്ഥാനത്തിൽ നിയമാനുസൃതം പിരിച്ചു വിടൽ നോട്ടീസ് നൽകുന്ന കാര്യത്തിൽ ഡയറക്ടർ ബോർഡിന് തീരുമാനമെടുക്കാവുന്നതുമാണ്.

3. കരാർ വേതനം പ്രതിമാസം 25,000/- രൂപയായി നിലനിർത്തുന്നു. വാർഷിക വേതന വർദ്ധനവ് പരിഗണിക്കുമ്പോൾ കമ്പനിയുടെ ലാഭ-നഷ്ടക്കണക്കുകൾ പരിശോധിക്കേണ്ടതും ലാഭത്തിൽ പ്രവർത്തിക്കുന്നുവെങ്കിൽ മാത്രം പരമാവധി വർദ്ധനവ് 5% ൽ ലിമിറ്റ് ചെയ്യേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ. എസ്.എ/ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്
ധനകാര്യ വകുപ്പ് (ഡെവ-5/85/2021-ഫിൻ(ഇ1765432) തീയതി 27/10/2021
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ / ഓഫീസ് കോപ്പി(File no.IA2/16/2021-LSGD)

ഉത്തരവിൻ പ്രകാരം

Signed by Vijitha M B
Date: 06-01-2022 17:15:25
Reason: Approved
സെക്ഷൻ ഓഫീസർ